## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

### ഗ്രാമവികസന വകുപ്പിന് റോഡ് വർക്കുകൾക്കുള്ള ഫണ്ട്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5842

07.07.2014 ൽ മറുപടിക്ക്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| ശ്രീ.പി.തിലോത്തമൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ഗ്രാമവികസന വകുപ്പിന് റോഡ് വർക്കുകൾക്കുള്ള ഫണ്ട് പൂർണ്ണമായും കേന്ദ്രത്തിന്റെ അലോട്ട്മെന്റുകളാണോ എന്ന് വ്യക്തമാക്കുമോ; സംസ്ഥാനത്തിന്റെ ഫണ്ടുകൾ വിനിയോഗിച്ച് ഗ്രാമവികസന വകുപ്പ് റോഡ് പ്രവൃത്തികൾ ചെയ്യാറുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ഗ്രാമവികസന വകുപ്പു വഴി നടപ്പിലാക്കുന്ന റോഡ് വർക്കുകളിൽ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം നടപ്പിലാക്കുന്നവ പൂർണ്ണമായും കേന്ദ്രവിഹിതം ഉപയോഗിച്ചാണ്. എന്നാൽ പദ്ധതി പ്രദേശത്തുള്ള യൂട്ടിലിറ്റികൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള ചെലവും ടെണ്ടർ പ്രീമിയം, റേറ്റ് റിവിഷൻ, നിർമ്മാണം പൂർത്തികരിച്ചതിനുശേഷം 5 വർഷത്തെ അറ്റകുറ്റ പണികൾക്കുള്ള ചെലവ് എന്നിവ സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടത്. പി.എം.ജി.എസ്.വൈ- I ന് പിന്നാലെ നടപ്പിലാക്കാൻ പോകുന്ന പി.എം.ജി.എസ്.വൈ-II ൽ 75:25 (75 കേന്ദ്രം 25 സംസ്ഥാനം) എന്ന അനുപാതത്തിലാണ് ഫണ്ട് അനുവദിക്കുന്നത്. ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം നടപ്പിലാക്കുന്നവയിൽ 20% തുക സംസ്ഥാന വിഹിതമായും ബാക്കിതുക (80%) സംസ്ഥാന സർക്കാർ തിരിച്ചടക്കേണ്ട നബാർഡ് വായ്പയുമാണ്. |
| (ബി) | കേന്ദ്രഫണ്ടുകൾ മാത്രമാണ് ഗ്രാമവികസന വകുപ്പുവഴി നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതെങ്കിൽ 6 മീറ്റർ വീതിയില്ലാത്ത റോഡുകളുടെ വികസനത്തിന് പ്രസ്തുത ഫണ്ട് വിനിയോഗിക്കുവാൻ കഴിയില്ലെന്നും ആയതിനാൽ ഗ്രാമീണ മേഖലയിലെ | (ബി) | ഉണ്ട്<br>പി.എം.ജി.എസ്.വൈയിൽ കേന്ദ്രസർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാർഗ്ഗരേഖ പ്രകാരം മാത്രമേ റോഡുകൾ ഏറ്റെടുക്കാൻ സാധിക്കുകയുള്ളു. ഇതിനായി കേന്ദ്ര സർക്കാർ അംഗീകരിച്ച കോർനെറ്റ് വർക്കിൽ ഉൾപ്പെട്ടതും 500ന് |

| | | | |
|---|---|---|---|
| | റോഡുകളുടെ വികസനത്തിന് പ്രസ്തുത ഫണ്ട് വിനിയോഗിക്കുവാൻ കഴിയാതെ വരുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രശ്നം പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ? | | മുകളിൽ ജനസംഖ്യ യുള്ളതുമായ 6 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡുകളാണ് പി.എം.ജി.എസ്. വൈ.-I ൽ ഏറ്റെടുത്തിരുന്നത്. എന്നാൽ ജില്ലാ ഗ്രാമീണ റോഡ് പ്ലാനിൽ ഉൾപ്പെട്ട 5.5 മീറ്ററും അതിനുമുകളിലും ടാർ വീതിയിലാക്കുന്നതിന് വേണ്ടിയാണ് പി.എം.ജി.എസ്.വൈ.-II വിഭാവനം ചെയ്തിരിക്കുന്നത്. ഇതിന്റെ മുൻഗണനാക്രമം growth centres, Pavement condition index അനുസരിച്ചാണ് കണക്കാക്കുന്നത്. |

സെക്ഷൻ ഓഫീസർ